# പതിനാലാം കേരള നിയമസഭ

## പതിമൂന്നാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത
ചോദ്യം നമ്പർ : 3940

12/12/2018-ൽ മറുപടി
നൽകേണ്ടത്

### *ദേശീയ ജലപാത യാഥാർത്ഥ്യമാക്കാൻ നടപടി*

**ചോദ്യം**

**ശ്രീ. സി. മമ്മൂട്ടി**
**ശ്രീ. വി. കെ. ഇബ്രാഹിം കുഞ്ഞ്**

**മറുപടി**

**പിണറായി വിജയൻ**
**( മുഖ്യമന്ത്രി )**

(എ) തിരുവനന്തപുരം - കാസർഗോഡ് ദേശീയ ജലപാത ഗതാഗത യോഗ്യമാക്കുന്നതിനായി ഈ സർക്കാർ എന്തെല്ലാം നടപടി സ്വീകരിച്ചു ; എത്ര തുക ചെലവഴിച്ചു ; നിശ്ചിത ജലപാതയുടെ ഓരോ ഭാഗത്തെയും ഇപ്പോഴത്തെ അവസ്ഥ വ്യക്തമാക്കുമോ ;

(എ) തിരുവനന്തപുരം - കാസർഗോഡ് വരെയുള്ള വെസ്റ്റ് കോസ്റ്റ് കനാലിന്റെ വികസനം 3 ഘട്ടങ്ങളിലായി നടപ്പാക്കുവാൻ തീരുമാനിച്ചിട്ടുണ്ട്. 2020-ൽ തീരുന്ന ഒന്നാം ഘട്ടത്തിൽ കനാലുകൾ നിലവിലുള്ള വീതിയിൽ ഗതാഗതയോഗ്യമാക്കുകയും, കൈയ്യേറ്റക്കാരെ പുനരധിവസിപ്പിക്കുന്നതിനുള്ള പദ്ധതികളുമാണ് ആസൂത്രണം ചെയ്തിട്ടുള്ളത്. 2022 -ൽ തീരുന്ന രണ്ടാം ഘട്ടത്തിൽ പുനരധിവാസം നടപ്പിലാക്കി കനാൽ പാർശ്വങ്ങളിലുള്ള സ്ഥലങ്ങൾ വീണ്ടെടുത്ത് ദേശീയ ജലപാതയുടെ അളവിൽ കനാൽ നിർമ്മാണം നടപ്പിലാക്കുവാനും 2025-ൽ തീരുന്ന 3-ാം ഘട്ടത്തിൽ ദേശീയപാത നിലവാരത്തിലുള്ള വികസനവും, ഫീഡർ കനാലുകളുടെ വികസനവും ജലപാത ഉപയോഗപ്പെടുത്തിയുള്ള ടൂറിസം വികസനത്തിനും സാദ്ധ്യമാകുന്നതിനുള്ള അടിസ്ഥാന സൗകര്യങ്ങൾ എന്നിവയും നടപ്പിലാക്കുവാനുമാണ് ലക്ഷ്യമിടുന്നത്. ഇപ്രകാരം 3 ഘട്ടങ്ങളിലായി സമയബന്ധിതമായി ജലപാതാ വികസനം നടപ്പിലാക്കുന്നതിനാണ് സർക്കാർ നടപടി സ്വീകരിച്ചിരിക്കുന്നത്. ഉയർന്ന നിർമ്മാണ ചെലവ് വരുന്ന പദ്ധതികൾ ഏറ്റെടുത്ത് നടപ്പിലാക്കുന്നതിന് KWIL എന്ന SPV രൂപീകരിച്ചിട്ടുണ്ട്.

ജലപാതയുടെ കൊല്ലം മുതൽ കോട്ടപ്പുറം വരെയുള്ള 168 കി. മീ. ഉം 2016 -ലെ കേന്ദ്രസർക്കാർ വിജ്ഞാപന പ്രകാരം നീട്ടിയ കോട്ടപ്പുറം മുതൽ കോഴിക്കോട് വരെയുള്ള 160 കി. മീ. ഭാഗവും ഉൾപ്പെടെ 328 കി. മീ. ഭാഗം ദേശീയ ജലപാത (NW-3) യാണ്. ടി ഭാഗത്തെ പ്രവൃത്തികൾ ഇൻലാന്റ് വാട്ടർവേ അതോറിറ്റി ഓഫ് ഇൻഡ്യ (IWAI) ആണ്

നടപ്പിലാക്കുന്നത്. ശേഷിച്ച കോവളം മുതൽ കൊല്ലം വരെയുള്ള 74 കി. മീ., കോഴിക്കോട് മുതൽ ബേക്കൽ വരെയുള്ള 214 കി. മീ. എന്നീ ഭാഗത്തിന്റെ പ്രവൃത്തികളാണ് ഉൾനാടൻ ജലഗതാഗത വകുപ്പിന്റെ കീഴിൽ നടത്തിവരുന്നത്. കോവളം മുതൽ കൊല്ലം വരെയുള്ള 74 കി. മീ. ജലപാതയിൽ 32.00 കി. മീ. ഗതാഗത യോഗ്യമാണ്. പാർവ്വതീ പുത്തനാറിന്റെ പുനരുദ്ധാരണത്തിനായി 150 കോടി രൂപ കിഫ്ബി വഴി ധനസഹായത്തോടെ നടക്കുന്ന പദ്ധതികൾക്ക് സർക്കാർ അനുമതി നൽകി. പ്രസ്തുത പ്രവൃത്തി SPV (Special Purpose Vehicle) ആയ KWIL (Kerala Waterways and Infrastructures Limited) എന്ന പൊതുമേഖലാ സ്ഥാപനമാണ് നടപ്പാക്കുന്നത്. പാർവ്വതീ പുത്തനാറിന്റെ ശുചീകരണം KWIL-ന്റെ നേതൃത്വത്തിൽ നടന്നുവരുന്നു. വേളി മുതൽ പൗണ്ട്കടവ് വരെയുള്ള ഭാഗത്തെ ജലപാതാ വികസനത്തിനായി 3.88 കോടി രൂപയുടെ പ്രവൃത്തി നടന്നു വരുന്നു. പാർവ്വതീ പുത്തനാറിന്റെ വീതി 25 മീറ്ററും ഇരുവശങ്ങളിൽ റോഡുകൾ 5 മീറ്റർ വീതിയും പൈപ്പ് ലൈനും മറ്റും സ്ഥാപിക്കുന്നതിനുമായി ആവശ്യമായ സ്ഥലങ്ങളിൽ ഭൂമി ഏറ്റെടുക്കുന്നതിനായി 66.39 കോടി രൂപയ്ക്ക് ഭരണാനുമതി നൽകുകയുണ്ടായി. കോവളം, ആക്കുളം, വള്ളക്കടവ് എന്നീ സ്ഥലങ്ങളിൽ ബോട്ട് ടെർമിനലുകൾ നിർമ്മിക്കുന്നതിനാവശ്യമായ ഭൂമി ഏറ്റെടുക്കുന്നതിലേയ്ക്കും പാർവ്വതീ പുത്തനാറിന് കുറുകെ കരിയ്ക്കകം, പുത്തൻപാലം, പനത്തുറ ഭാഗങ്ങളിൽ ലിഫ്റ്റിംഗ് സംവിധാനത്തോടുകൂടിയ പാലം നിർമ്മാണത്തിനും ഭരണാനുമതി നൽകിയിട്ടുണ്ട്. കരിക്കകത്തും പുത്തൻപാലത്തും മണ്ണ് പരിശോധന പൂർത്തിയായി. തുടർനടപടികൾ നടന്നുവരുന്നു. ആകെ 1.10 കി.മീ. നീളം വരുന്ന വർക്കലയിലെ 2 തുരങ്കങ്ങൾക്ക് സമാന്തരമായി 14 മീ. വീതിയിൽ പുതിയ തുരങ്കങ്ങൾ നിർമ്മിക്കുന്ന പദ്ധതി, കൊങ്കൺ റെയിൽവേ കോർപ്പറേഷൻ മുഖേന തയ്യാറാക്കിവരുന്നു. വർക്കലയിൽ വർക്കല, അഞ്ച്തെങ്ങ്, താഴെവെട്ടൂർ, നടയറ, രാമന്തളി തുടങ്ങിയ ഭാഗങ്ങളിൽ 4 പ്രവൃത്തികൾ നടന്നുവരുന്നു. കൊല്ലംതോടിലെ 1,3,4,5 റീച്ചുകളിലെ പ്രവൃത്തികൾ പുരോഗമിക്കുന്നു. റീച്ച് 2-ന്റെ ദർഘാസ് നടപടികൾ സ്വീകരിച്ചു കഴിഞ്ഞു.

കോഴിക്കോടിനും വടകരക്കും ഇടയിൽ 38.3 കി. മീ. ഭാഗം (ചെ. 411.78 കി. മീ. – 450.08 കി. മീ.) ജലപാത

ഗതാഗതയോഗ്യമായിട്ടുണ്ട്. ആഴം കുറവുള്ള ഭാഗങ്ങളായ ഇരഞ്ഞിക്കൽ-കോരപ്പുഴ കനാലിന്റെ വികസനത്തിനായി 6 കോടി രൂപയുടെയും പയ്യോളി കനാലിന്റെ വികസനത്തിനായി 6.50 കോടിരൂപയുടെയും ഭരണാനുമതി നൽകിയിട്ടുണ്ട്. ടി പദ്ധതികൾ ഉടൻതന്നെ നടപ്പിലാക്കും. വടകര-മാഹി കനാലിന്റെ (ചെ. 450.08 കി.മീ. - 467.69 കി.മീ.) ദേശീയ ജലപാതാ നിലവാരത്തിൽ നിർമ്മാണം 5 റീച്ചുകളായി തിരിച്ചു നടന്നു വരുന്നു. മാഹി - വളപട്ടണം ഭാഗത്തെ 3 അൺകട്ട് ഭാഗങ്ങളുടെ നിർമ്മാണത്തിന് ആവശ്യമായ ഭൂമി ഏറ്റെടുത്ത് നടപ്പിലാക്കുന്ന പദ്ധതിക്കായി കിഫ്ബി ധനസഹായത്തോടെ **650 കോടി രൂപയുടെ** തത്വത്തിലുള്ള അംഗീകാരം നൽകിയിട്ടുണ്ട്. KWIL-ന്റെ ആഭിമുഖ്യത്തിൽ 1-ഉം 2-ഉം അൺകട്ട് ഭാഗങ്ങൾക്ക് ഭൂമി ഏറ്റെടുക്കുന്നതിന് സർക്കാർ അനുമതി നൽകിയിട്ടുണ്ട്.

അൺകട്ട് ഭാഗം 3-ന്റെ സർവ്വേ പ്രവൃത്തി നടന്നുവരുന്നു. വടകര-മാഹി കനാലിനെ ദേശീയ പാതാനിലവാരത്തിൽ പൂർത്തീകരിക്കുന്നതിനും അനുബന്ധ നിർമ്മിതികൾക്കുമായി 77 ഏക്കർ ഭൂമി ഏറ്റെടുക്കുന്നതിനുള്ള ഭരണാനുമതി നൽകിയിട്ടുണ്ട്. ഭൂമി ഏറ്റെടുക്കുന്നതിനുള്ള നടപടികൾ നടന്നുവരുന്നു.

ഈ സർക്കാർ അധികാരത്തിൽ വന്ന ശേഷം 31/10/2018 വരെ **17,52,42,482/- രൂപ** ചെലവഴിച്ചു

**(ബി)** ഈ ജലപാതയിലെ ഗതാഗതം പൂർണ്ണമായി അടഞ്ഞതു മുതൽ നാളിതു വരെ വിവിധ ഗവൺമെന്റുകൾ കോടിക്കണക്കിന് തുക ജലപാത ഗതാഗത യോഗ്യമാക്കുന്നതിനായി ചെലവഴിച്ചതായി അറിയുമോ ; എങ്കിൽ വിശദമായ കണക്ക് ലഭ്യമാക്കുമോ ;

**(ബി)** ജലപാത ഗതാഗതയോഗ്യമാക്കുന്നതിനായി 2005 മുതൽ 2018 ഒക്ടോബർ വരെ **259,71,56,777/ -** രൂപ ചെലവഴിച്ചിട്ടുണ്ട്.

(സി) പാത സഞ്ചാരയോഗ്യമായാൽ സംസ്ഥാനത്തിന് ഏതെല്ലാം മേഖലകളിൽ എന്തെല്ലാം നേട്ടങ്ങൾ കൈവരിക്കാനുതകുമെന്ന് വിലയിരുത്തിയിട്ടുണ്ടോ ; വിശദമാക്കുമോ ;

(സി) ജലപാത സഞ്ചാരയോഗ്യമായാൽ കുറഞ്ഞ ചെലവിലുള്ളതും മലിനീകരണം കുറഞ്ഞതുമായ യാത്രാസൗകര്യം സാധ്യമാകും. ചരക്കുഗതാഗതം കുറഞ്ഞ ചെലവിൽ സാധ്യമാകും. ബോട്ട് ടെർമിനൽ, കാർഗോ ടെർമിനൽ തുടങ്ങിയ അനുബന്ധ പ്രവൃത്തികൾകൂടി പൂർത്തീകരിക്കുന്നതോടു കൂടി കനാലിന്റെ വിവിധ ഭാഗങ്ങളിൽ ടൂറിസം വില്ലേജുകൾ സ്ഥാപിച്ച് ടൂറിസം പ്രവർത്തനങ്ങൾക്ക് കൂടുതൽ ഉണർവേകാൻ കഴിയും

| | | | |
|---|---|---|---|
| (ഡി) | പാത യാഥാർത്ഥ്യമാക്കാതിരിക്കാൻ ചില ഉന്നത സ്വകാര്യ ലോബികൾ നടത്തുന്ന ശ്രദ്ധ നീക്കം തിരിച്ചറിയാനായിട്ടുണ്ടോ ; | (ഡി) | ശ്രദ്ധയിൽപ്പെട്ടിട്ടില്ല. |
| (ഇ) | പാത യാഥാർത്ഥ്യമാക്കുന്നതിനുള്ള തടസ്സങ്ങൾ നീക്കി പദ്ധതി നടപ്പിലാക്കാൻ നടപടി സ്വീകരിക്കുമോ ? | (ഇ) | പാത യാഥാർത്ഥ്യമാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു. |

**സെക്ഷൻ ഓഫീസർ**